**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 903** **06-02-2023 - ൽ മറുപടിയ്ക്ക്**

**സ്വദേശി ദർശൻ പദ്ധതി മുഖേനയുള്ള ശബരിമല വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2015 ഡിസംബറിൽ സ്വദേശി ദർശൻ തീർഥാടന ടൂറിസം പദ്ധതിയിൽ ശബരിമല വികസനത്തിനായി കേന്ദ്രസർക്കാർ 100 കോടി രൂപ അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; | (എ) | ശബരിമല വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിക്ക് 99.98 കോടി രൂപയുടെ പദ്ധതി അംഗീകാരം ലഭിച്ചിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി 36 മാസത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ ആദ്യഗഡുവായി 20 കോടി രൂപ സംസ്ഥാന സർക്കാരിന് അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | അനുവദിച്ചിരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമയബന്ധിതമായി പദ്ധതികൾ തയ്യാറാക്കി നൽകുന്നതിൽ സംസ്ഥാന സർക്കാരിന് വീഴ്ച പറ്റി എന്നത് വസ്തുതയാണോ; | (സി) | അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നതിലെ താമസത്താൽ പദ്ധതിയിലെ ചില ഘടകങ്ങൾ ഒഴിവാക്കേണ്ടി വന്നിട്ടുണ്ട്. തുടർന്ന് 19/10/2022-ലെ SD5/6/2018/SD നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ അനുമതി 54.88 കോടി രൂപയായി പരിഷ്കരിച്ചിട്ടുണ്ട്.<br><br>ശബരിമല വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെയെല്ലാം വിശദമായ പദ്ധതി രേഖയും അടങ്കലും (DPR and Cost estimate) തയ്യാറാക്കിയത് കേന്ദ്ര ടൂറിസം മന്ത്രാലയം നിയോഗിച്ച രഘുരാമൻ അസോസിയേറ്റ്സ്, ചെന്നൈ ആണ്. ശബരിമല പോലെയുള്ള വന പ്രദേശത്തിലെ ഭൂമിയുടെ കിടപ്പും ഘടനയും നോക്കാതെയാണ് പ്രസ്തുത ആർക്കിടെക്റ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത്. ലഭിച്ചിട്ടുള്ള പദ്ധതി രേഖയും അടങ്കലും (DPR & Cost Estimate) വച്ച് മുൻഗണനാക്രമത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്കുകൾ ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | | | തിരുവിതാംകൂർ ദേവസ്വം ബോർഡ് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചപ്പോൾ പല വർക്കുകളും ചെയ്യാൻ കഴിയാത്ത സ്ഥിതി വന്നു. വനം വകുപ്പ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് വിട്ടുനൽകാത്ത സ്ഥലത്തും നിർമ്മാണ പ്രവർത്തനങ്ങൾക്ക് പദ്ധതി രേഖയും അടങ്കലും തയ്യാറാക്കിയിരുന്നത് കാണുവാൻ കഴിഞ്ഞു. |
| (ഡി) | വനം വകുപ്പുമായുണ്ടായ തർക്കം ഹൈക്കോടതി ഇടപെട്ട് തീർപ്പുകല്പിച്ചിട്ടും ദേവസ്വം ബോർഡും ഉന്നതാധികാര സമിതിയും പദ്ധതി നടപ്പാക്കുന്നതിന് താല്പര്യം കാണിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ഡി) | അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നതിലെ താമസത്താൽ പദ്ധതിയിലെ ചില ഘടകങ്ങൾ ഒഴിവാക്കേണ്ടി വന്നിട്ടുണ്ട്. തുടർന്ന് 19/10/2022-ലെ SD5/6/2018/SD നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ അനുമതി 54.88 കോടി രൂപയായി പരിഷ്കരിച്ചിട്ടുണ്ട്.<br><br>ശബരിമല വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെയെല്ലാം വിശദമായ പദ്ധതി രേഖയും അടങ്കലും (DPR and Cost estimate) തയ്യാറാക്കിയത് കേന്ദ്ര ടൂറിസം മന്ത്രാലയം നിയോഗിച്ച രഘുരാമൻ അസോസിയേറ്റ്സ്, ചെന്നൈ ആണ്. ശബരിമല പോലെയുള്ള വന പ്രദേശത്തിലെ ഭൂമിയുടെ കിടപ്പും ഘടനയും നോക്കാതെയാണ് പ്രസ്തുത ആർക്കിടെക്റ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത്. ലഭിച്ചിട്ടുള്ള പദ്ധതി രേഖയും അടങ്കലും (DPR & Cost Estimate) വച്ച് മുൻഗണനാക്രമത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്കുകൾ ചെയ്യുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചപ്പോൾ പല വർക്കുകളും ചെയ്യാൻ കഴിയാത്ത സ്ഥിതി വന്നു. വനം വകുപ്പ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് വിട്ടുനൽകാത്ത സ്ഥലത്തും നിർമ്മാണ പ്രവർത്തനങ്ങൾക്ക് പദ്ധതി രേഖയും അടങ്കലും തയ്യാറാക്കിയിരുന്നത് കാണുവാൻ കഴിഞ്ഞു. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിക്കുന്നതിനു മുൻപ് ശേഷിക്കുന്ന തുക ലാപ്സ് ആകാതിരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഇ) | പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി പ്രകാരമുള്ള 75.01% നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. പ്രവൃത്തികളുടെ നിർമ്മാണ കാലാവധി 31/12/2023 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ